പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3119 13.07.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ് :<br>" എ.പി. അബ്ദുള്ളക്കുട്ടി :<br>" ഡൊമിനിക് പ്രസന്റേഷൻ :<br>" സി.പി. മുഹമ്മദ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സാമൂഹിക പ്രതിബദ്ധത നിലനിർത്തിക്കൊണ്ട് സ്വന്തം നിലയ്ക്ക് വരുമാനം വർദ്ധിപ്പിക്കുവാൻ കെ.എസ്.ആർ.ടി.സി എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റി ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് രൂപം നൽകി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിൻ പ്രകാരം കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ വരുമാനം വർദ്ധിപ്പിക്കും. കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ച് വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി സമീപ കാലത്ത് ചെയിൻ സർവ്വീസുകൾ ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.യിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പരിഷ്കരിച്ചത് മുഖേന റിസർവേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൊറിയർ, പാഴ്സൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | അന്യ സംസ്ഥാനങ്ങളിലെ ചില ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ സ്വകാര്യവത്കരിക്കുകയോ പൂട്ടുകയോ ചെയ്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ